പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2505 27-10-2026-ൽ മറുപടിയ്ക്ക്

കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

മറുപടി: നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനായി 603 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

മറുപടി: എല്ലാ അപേക്ഷകളും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2016 മുതൽ 2026 വരെ എത്ര പേർക്കാണ് കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് നിയോജക മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

മറുപടി: 21.05.2016 മുതൽ 17.05.2026 വരെ കാസർഗോഡ് ജില്ലയിൽ ആകെ 6,025 വായ്പാക്കാർക്ക് 43,69,03,471/- രൂപ (നാൽപ്പത്തിമൂന്ന് കോടി അറുപത്തിഒൻപത് ലക്ഷത്തി മൂവായിരത്തി നാനൂറ്റി എഴുപത്തൊന്ന് രൂപ) ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചിട്ടുള്ളതിന്റെ നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

നിയോജക മണ്ഡലം	വായ്പാക്കാരുടെ എണ്ണം	ധനസഹായ തുക
കാഞ്ഞങ്ങാട്	1635	11,35,37,647
കാസർഗോഡ്	995	9,54,80,673
മഞ്ചേശ്വരം	609	4,84,93,397
തൃക്കരിപ്പൂർ	1567	10,47,64,507
ഉദുമ	1219	7,46,27,247

ആകെ	6,025	43,69,03,471

സെക്ഷൻ ഓഫീസർ